Sunday

Vol. 12 No. 36

CYCLE - A

# വെർബും ദോമിനി

VERBUM DOMINI

ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ

2023 ആഗസ്റ്റ് 06

## കർത്താവിന്റെ രൂപാന്തരീകരണത്തിരുനാൾ

# വെട്ടിത്തിളങ്ങുന്ന ശരീരം

**ഫാ. ബിബിൻ ജോർജ്ജ് തറേപ്പറമ്പിൽ**



**ബൈ**ബിളിൽ രൂപാന്തരീഭാവം സംഭവിക്കുന്ന വ്യക്തികളിൽ പ്രാധാന്യമർഹിക്കുന്നവർ മോശയും യേശുവുമാണ്. 40 രാവും 40 പകലും ദൈവത്തോടൊത്ത് സീനായ് മലയിൽ വച്ച് പ്രാർത്ഥിക്കുകയും, അവിടുന്നുമായി സംസാരിക്കുകയും ചെയ്ത മോശയുടെ മുഖം തേജോമയമായി. മലയിൽ നിന്ന് താഴെ ഇറങ്ങിയപ്പോൾ ജനം അവന്റെ പ്രകാശിതമായ മുഖം കണ്ടു. മോശ മുഖം മൂടുപടം കൊണ്ട് മറച്ചു (പുറ 34: 28 - 35). താബോർ മലയിൽ വച്ച് യേശു രൂപാന്തരപ്പെട്ട സംഭവം സമവീക്ഷണ സുവിശേഷകർ വിശദീകരിക്കുന്നുണ്ട് (ലൂക്കാ 9: 28 - 36; മത്താ 17: 1 - 9; മർക്കോ 9: 2 - 8). മലമുകളിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന യേശുവിന്റെ ശരീരം പ്രകാശിക്കാൻ തുടങ്ങി - Luminous. മുഖം സൂര്യനെപ്പോലെ ജ്വലിച്ചു. വസ്ത്രത്തിന് ഒരു അലക്കുകാരനും വെളുപ്പിക്കാൻ കഴിയാത്തത്ര വെണ്മ. അത്രയും ശോഭ.

വെളിപാടിന്റെ പുസ്തകത്തിൽ പാത്മോസ് ദ്വീപിലിരുന്ന് യോഹന്നാൻ കാണുന്ന ഒരു സ്വപ്നമുണ്ട്. ഞാനൊരു സ്ത്രീയെ കണ്ടു. സൂര്യനെ ഉടയാടയായി അണിഞ്ഞ സ്ത്രീ. ചന്ദ്രൻ അവളുടെ പാദപീഠം. നക്ഷത്രങ്ങൾ അവളുടെ മുടിയഴക്. ക്രിസ്തീയ ദൈവശാസ്ത്രത്തിൽ ക്രിസ്തുമസിനെ നമുക്ക് ചുരുക്കി ഒരു വാക്കിലേക്ക് എഴുതാം - INCARNATION. ദൈവം ശരീരത്തിൽ കുടിയേറിയതിന്റെ കഥയാണത്. ഒരു ചെറിയ പുൽത്തൊഴുത്തിൽ ദൈവം പൂർണ്ണ മനുഷ്യനായി ജനിക്കുന്നു. സ്വർഗീയ മഹിമ ആ ശരീരത്തിൽ പ്രകാശിതമായി.

പ്രകാശപൂർണ്ണമായ ശരീരം - An Illumined Body. പ്രകാശമുള്ള ശരീരമാകാനുള്ള ആഹ്വാനമായി ഈ രൂപാന്തരീകരണത്തിരുനാളിനെ നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം. ദൈവശാസ്ത്രപരമായി ധാരാളം വ്യാഖ്യാനങ്ങളുള്ള ഈ രംഗത്തിന്റെ ഒരു വശം മാത്രമാണിത്.

ഒരു സിനിമയിലെ രംഗമിതാണ്. കുറെയധികം ആഗ്രഹിച്ച സഹശയനത്തിന് ശേഷം അതിൽ പങ്കുചേർന്ന വ്യക്തി പറയുന്നതിങ്ങനെയാണ് - "Same meat, same cavities" - ഒരേ വിയർപ്പ്, ഒരേ കണക്കുള്ള ശരീരം. ഇത്രേയുള്ളൂ ശരീരത്തിന്റെ ഭ്രമങ്ങൾ. അങ്ങനെയാണെങ്കിൽ, സ്വാഭാവികമായിട്ട് ശരീരത്തെക്കുറിച്ച് കാണേണ്ട സ്വപ്നം കുറച്ചുകൂടി പ്രകാശമുള്ളതായിരിക്കേണ്ടേ?

ആത്മീയത എന്നത് ശരീരത്തെ മാറ്റിനിർത്തി ആത്മാവിനെ മാത്രം കേന്ദ്രീകരിക്കുന്ന ഒന്നല്ല. അതായത് ശരീരത്തിന്റെ ഒരു കാര്യവും അത്ര ലഘുവായി എണ്ണരുത്. ഒരാൾ മറ്റൊരാളിൽ ക്രിസ്തുവിനെ ദർശിക്കുന്ന മാർഗമായാണ് വിശുദ്ധ ജറോം ശരീരത്തെ അവതരിപ്പിച്ചത്.

ശരീരമൊരു വീണയാണെന്ന അർത്ഥത്തിലെ തലക്കെട്ടോടുകൂടിയ ഒരു കുറിപ്പ് വായിച്ചു. ഒത്തിരി മുറുക്കിയാൽ വല്ലാതെ മുറുകി പൊട്ടി പോകും. ഒത്തിരി അയഞ്ഞാൽ നല്ല സംഗീതം കേൾക്കാനും കഴിയില്ല. ഒരു മിതത്വമാണ് പ്രധാനം. Virtue stands in the middle എന്നാണല്ലോ. നന്മ മധ്യത്തിലാണ്. ലോക്ക് ഡൗണിന് ശേഷം ഇന്ത്യയിൽ അശ്ലീല സൈറ്റുകൾ കാണുന്നവരുടെ എണ്ണത്തിൽ വലിയ വർദ്ധനയുണ്ടായി എന്ന് പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. എന്തായിരിക്കാം ഇതിന്റെ അർത്ഥം? പ്രകാശമുള്ള ശരീരബോധം നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് ഇതിൽ നിന്ന് നാം ഗ്രഹിക്കണം.

ചെറിയ ചെറിയ കൗതുകങ്ങളിൽ പെട്ട് ശരീരത്തിന്റെ വെളിച്ചം നാം കെടുത്തരുത്. പ്രകാശമുള്ള ശരീരബോധത്തിലേക്ക് വരാനായി നമുക്ക് സാധ്യതയുണ്ട്, ബാധ്യതയുണ്ട്. പൂവിലും പുല്ലിലും ദൈവമിരിക്കുന്നു എന്ന് പാടുന്ന ഭക്തൻ, പൂവിൽ ദൈവത്തിന്റെ പ്രത്യക്ഷം കാണുകയാണ്. പൂവ് ദൈവത്തെ കാണിക്കുകയാണ്. ഇതുപോലെ എന്റെ പ്രത്യക്ഷത്തിൽ മറ്റുള്ളവർക്ക് ദൈവചൈതന്യം കാണാനാവുന്നുണ്ടോ? നമുക്ക് ചിന്തിക്കാം, ശരീരത്തെപ്പറ്റി. പ്രകാശമുള്ള ചിന്തകൾ നേരുന്നു.

**ആമുഖം** പ്രിയമുള്ളവരെ, ഇന്ന് നാം യേശുവിന്റെ രൂപാന്തരീകരണത്തിരുനാൾ ആഘോഷിക്കുകയാണ്. യേശുനാഥൻ ഉയർന്ന മലയിൽ വച്ച് പിതാവായ ദൈവത്തോട് ഗാഢബന്ധം പുലർത്തിയപ്പോൾ രൂപാന്തരപ്പെടുകയും, മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങുകയും, വസ്ത്രം പ്രകാശം പോലെ ധവളമാകുകയും ചെയ്തു. പിതാവുമായുള്ള തന്റെ ബന്ധത്തിന്റെ ആഴം എത്രമാത്രമാണെന്ന് യേശുനാഥൻ തന്റെ ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുക്കുകയാണ്. തന്റെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം പിതാവായ ദൈവത്തിന്റെ തിരുഹിതമാണെന്ന് തന്റെ രൂപാന്തരീകരണത്തിലൂടെ യേശുനാഥൻ നമുക്ക് വെളിപ്പെടുത്തിത്തരുന്നു. ആയതിനാൽ നമുക്കും നമ്മുടെ ഇഷ്ടങ്ങൾക്കപ്പുറം ദൈവത്തിന്റെ ഇഷ്ടം തിരിച്ചറിയാൻ പരിശ്രമിക്കാം. ദൈവഹിതത്തിനനുസരിച്ച് ജീവിക്കുമ്പോൾ നമ്മിലും രൂപാന്തരീകരണം സംഭവിക്കും. ഈ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം.

## ഒന്നാം വായന

### ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽനിന്ന് (7 : 9-10, 13-14)

*(അദ്ദേഹത്തിന്റെ വസ്ത്രം മഞ്ഞുപോലെ ധവളാഭമായിരുന്നു)*

ഞാൻ നോക്കിക്കൊണ്ടിരിക്കേ, സിംഹാസനങ്ങൾ നിരത്തി, പുരാതനനായവൻ ഉപവിഷ്ടനായി. അവൻെറ വസ്ത്രം മഞ്ഞുപോലെ ധവളം; തലമുടി, നിർമലമായ ആട്ടിൻരോമം പോലെ! തീജ്വാലകളായിരുന്നു അവൻെറ സിംഹാസനം; അതിൻെറ ചക്രങ്ങൾ കത്തിക്കാളുന്ന അഗ്നി. അവൻെറ മുൻപിൽനിന്ന് അഗ്നിപ്രവാഹം പുറപ്പെട്ടു. ആയിരമായിരംപേർ അവനെ സേവിച്ചു; പതിനായിരംപതിനായിരംപേർ അവൻെറ മുൻപിൽനിന്നു. ന്യായാധിപസഭ ന്യായവിധിക്ക് ഉപവിഷ്ടമായി. ഗ്രന്ഥങ്ങൾ തുറക്കപ്പെട്ടു. നിശാദർശനത്തിൽ ഞാൻ കണ്ടു, ഇതാ, വാനമേഘങ്ങളോടുകൂടെ മനുഷ്യപുത്രനെപ്പോലെ ഒരുവൻ വരുന്നു. അവനെ പുരാതനനായവൻെറ മുൻപിൽ ആനയിച്ചു. എല്ലാ ജനതകളും ജനപദങ്ങളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് ആധിപത്യവും മഹത്വവും രാജത്വവും അവനു നൽകി. അവൻെറ ആധിപത്യം ശാശ്വതമാണ്; അത് ഒരിക്കലും ഇല്ലാതാവുകയില്ല. അവൻെറ രാജത്വം അനശ്വരമാണ്.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (97 : 1-2, 5-6, 9)

### കർത്താവു വാഴുന്നു; അവിടുന്നു ഭൂമി മുഴുവന്റെയും അധിപനാണ്.

കർത്താവു വാഴുന്നു; ഭൂമി സന്തോഷിക്കട്ടെ! ദ്വീപസമൂഹങ്ങൾ ആനന്ദിക്കട്ടെ! മേഘങ്ങളും കൂരിരുട്ടും അവിടുത്തെ ചുറ്റും ഉണ്ട്; നീതിയും ന്യായവും അവിടുത്തെ സിംഹാസനത്തിൻെറ അടിസ്ഥാനമാണ്.

**കർത്താവു വാഴുന്നു.....**

കർത്താവിൻെറ മുൻപിൽ, ഭൂമി മുഴുവൻെറയും അധിപനായ കർത്താവിൻെറ മുൻപിൽ, പർവതങ്ങൾ മെഴുകുപോലെ ഉരുകുന്നു. ആകാശം അവിടുത്തെ നീതിയെ പ്രഘോഷിക്കുന്നു; എല്ലാ ജനതകളും അവിടുത്തെ മഹത്വം ദർശിക്കുന്നു.

**കർത്താവു വാഴുന്നു.....**

കർത്താവേ, അങ്ങ് ഭൂമി മുഴുവൻെറയും അധിപനാണ്; എല്ലാ ദേവൻമാരെയുംകാൾ ഉന്നതനാണ്.

**കർത്താവു വാഴുന്നു.....**

## രണ്ടാം വായന

### വി. പത്രോസ് എഴുതിയ രണ്ടാം ലേഖനത്തിൽനിന്ന് (1 : 16-19)

*(സ്വർഗത്തിൽനിന്ന് ഈ വാക്കുകൾ മുഴങ്ങുന്നതു ഞങ്ങൾ കേട്ടതാണ്)*

പ്രിയപ്പെട്ടവരെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ ശക്തിയെയും പ്രത്യാഗമനത്തെയും കുറിച്ചു ഞങ്ങൾ നിങ്ങളെ അറിയിച്ചതു കൗശലപൂർവം മെനഞ്ഞെടുത്ത കൽപിതകഥകളെ വിശ്വസിച്ചതുകൊണ്ടല്ല; ഞങ്ങൾ അവൻെറ ശക്തിപ്രാഭവത്തിൻെറ ദൃക്സാക്ഷികളായതുകൊണ്ടാണ്. പിതാവായ ദൈവത്തിൽനിന്നു ബഹുമാനവും മഹത്വവും അവൻ സ്വീകരിച്ചു. ഇവൻ എൻെറ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന സ്വരം മഹിമപ്രാഭവത്തിൽനിന്ന് അവൻെറ അടുത്തു വരുകയും ചെയ്തു. സ്വർഗത്തിൽനിന്നുണ്ടായ ആ സ്വരം ഞങ്ങൾ കേട്ടു. എന്തെന്നാൽ, ഞങ്ങളും അവൻെറ കൂടെ വിശുദ്ധമലയിൽ ഉണ്ടായിരുന്നു. ഇങ്ങനെ പ്രവാചകവചനത്തെപ്പറ്റി ഞങ്ങൾക്കു കൂടുതൽ ഉറപ്പു ലഭിച്ചിരിക്കുന്നു. പ്രഭാതം പൊട്ടിവിടരുകയും പ്രഭാതനക്ഷത്രം നിങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കുകയും ചെയ്യുന്നതുവരെ, ഇരുളിൽ പ്രകാശിക്കുന്ന ദീപത്തെ എന്നപോലെ പ്രവാചകവചനത്തെ നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Mt. 17 : 5c) ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു; ഇവന്റെ വാക്കു ശ്രവിക്കുവിൻ - അല്ലേലൂയാ!

## സുവിശേഷം

### മത്തായിയുടെ വിശുദ്ധ സുവിശേഷത്തിൽ നിന്നുള്ള വായന (17: 1-9)

*(അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി)*

അക്കാലത്ത്, യേശു, പത്രോസ്, യാക്കോബ്, അവന്റെ സഹോദരൻ യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ട് ഒരു ഉയർന്ന മലയിലേക്കുപോയി. അവൻ അവരുടെ മുമ്പിൽവച്ചു രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി. അവന്റെ വസ്ത്രം പ്രകാശംപോലെ ധവളമായി. മോശയും ഏലിയായും അവനോടു സംസാരിക്കുന്നതായി അവർ കണ്ടു. പത്രോസ് യേശുവിനോടു പറഞ്ഞു: കർത്താവേ, നാം ഇവിടെയായിരിക്കുന്നതു നല്ലതാണ്. നിനക്കു സമ്മതമാണെങ്കിൽ ഞങ്ങൾ ഇവിടെ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം - ഒന്നു നിനക്ക്, ഒന്നു മോശയ്ക്ക്, ഒന്ന് ഏലിയായ്ക്ക്. അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ശോഭയേറിയ ഒരു മേഘംവന്ന് അവരെ ആവരണം ചെയ്തു. മേഘത്തിൽനിന്ന് ഇങ്ങനെയൊരു സ്വരമുണ്ടായി: ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവന്റെ വാക്കു ശ്രവിക്കുവിൻ. ഇതുകേട്ട ക്ഷണത്തിൽ ശിഷ്യൻമാർ കമിഴ്ന്നു വീണു; അവർ ഭയവിഹ്വലരായി. യേശു സമീപിച്ച് അവരെ സ്പർശിച്ചുകൊണ്ടു പറഞ്ഞു: എഴുന്നേൽക്കുവിൻ, ഭയപ്പെടേണ്ടാ. അവർ കണ്ണുകളുയർത്തി നോക്കിയപ്പോൾ യേശുവിനെയല്ലാതെ മറ്റാരെയും കണ്ടില്ല. മലയിൽനിന്ന് ഇറങ്ങുമ്പോൾ യേശു അവരോട് ആജ്ഞാപിച്ചു: മനുഷ്യപുത്രൻ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെടുന്നതുവരെ നിങ്ങൾ ഈ ദർശനത്തെപ്പറ്റി ആരോടും പറയരുത്.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരെ, യേശുനാഥന്റെ രൂപാന്തരീകരണത്തിരുനാൾ ആഘോഷിക്കുന്ന നമുക്ക് പിതാവായ ദൈവത്തോട് പൂർണ്ണമായി ഐക്യപ്പെട്ടുകൊണ്ട് നമ്മുടെ എളിയ പ്രാർത്ഥനകളും യാചനകളും അവിടുത്തെ തിരുമുമ്പിൽ സമർപ്പിക്കാം.

1. സ്നേഹ പിതാവേ, അങ്ങെ പ്രിയ പുത്രന്റെ രൂപാന്തരീകരണത്തിരുനാൾ ആഘോഷിക്കുന്ന ഈ സുദിനത്തിൽ തിരുസഭയെയും, സഭയെ നയിക്കുന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ സഭാപാലകരെയും സമർപ്പിക്കുന്നു. അനുദിനം തങ്ങളെത്തന്നെ നവീകരിച്ചുകൊണ്ട് അജഗണത്തെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുവാൻ ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. പരമ പിതാവായ ദൈവമേ, തന്റെ ഇഷ്ടങ്ങളെക്കാൾ പിതാവിന്റെ തിരുഹിതത്തിന് തന്നെത്തന്നെ സമർപ്പിച്ച അങ്ങെ പ്രിയപുത്രന്റെ മാതൃക പിന്തുടർന്ന് ഞങ്ങളുടെ ഇഷ്ടങ്ങളെക്കാൾ ദൈവഹിതത്തിന് പ്രാധാന്യം നൽകി ജീവിക്കുവാനും, അതുവഴി വെണ്മയും തിളക്കവുമുള്ള ജീവിതത്തിന്റെ ഉടമകളായി തീരുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. ദൈവമേ, ഈ കാലഘട്ടം സമ്മാനിക്കുന്ന സുഖലോലുപതയാലും, ഉത്തരവാദിത്വ കുറവും മൂലം യഥാർത്ഥ വിശ്വാസത്തിൽ തങ്ങളുടെ മക്കളെ വളർത്താൻ കഴിയാതെ പോകുന്ന എല്ലാ മാതാപിതാക്കളുടെയും ജീവിതത്തിലേയ്ക്ക് അങ്ങ് കടന്നു ചെല്ലണമെ. ശരിയായ നീതിബോധവും, അടിയുറച്ച വിശ്വാസവും വഴി ഇവരെ അങ്ങയോട് ചേർത്തുനിർത്തണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. സൗഖ്യ ദാതാവായ ദൈവമേ, ശാരീരികവും, മാനസികവുമായ വൈകല്യങ്ങളെപ്രതിയും, രോഗങ്ങൾ കട ബാധ്യത തുടങ്ങിയ കഷ്ടതകളും മൂലം വേദനിക്കുന്നവർ തങ്ങളുടെ ബുദ്ധിമുട്ടുകളിൽ തളരാതെ, അങ്ങേയ്ക്ക് ഉത്തമ സാക്ഷ്യം നൽകുന്നവരായി തീരുവാൻ വേണ്ട ആത്മീയ ബലം നൽകി അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. നിത്യ പ്രകാശമായ ദൈവമേ, മരണം മൂലം ഞങ്ങളിൽ നിന്നും വേർപിരിഞ്ഞ ഞങ്ങളുടെ പ്രിയപ്പെട്ടവർക്കും, ശുദ്ധീകരണസ്ഥലത്ത് വേദന അനുഭവിക്കുന്ന എല്ലാ ആത്മാക്കൾക്കും നിത്യവിശ്രാന്തി നൽകുവാൻ കനിവുണ്ടാകണമെ. അവരുടെ പാപക്കറകളെല്ലാം നീക്കി, അങ്ങെ രാജ്യത്തിലേയ്ക്ക് സ്വീകരിക്കുവാൻ തിരുമനസ്സാകണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : സ്നേഹ പിതാവേ, വ്യക്തിപരമായ ഞങ്ങളുടെ ഇഷ്ടങ്ങൾക്കപ്പുറം അങ്ങെ തിരുഹിതം തിരിച്ചറിയാനും, അതനുസരിച്ച് ജീവിക്കാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : സി. സിസ്സു A. S. A.

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

## പ്രവേശന ഗാനം

സ്വർഗ്ഗത്തിൻ പ്രഭ തൂകും അൾത്താര തന്നിൽ
സ്നേഹത്തിൻ ബലി തൻ വേളയിതാ
നിരയായ് നിരനിരയായ് അണിയണിയായ് വന്നു
സ്വർലോകവൃന്ദവും മാനവരും (സ്വർഗ്ഗ....)

ഇതാ ദൈവത്തിൻ ഭവനം
നമ്മെ കാത്തിരിക്കുന്നൊരു ദൈവം
ഇതാ വരമഴ തൻ സമയം
പാടാം സ്വർഗ്ഗീയവൃന്ദത്തോടൊപ്പം (2)

ത്യാഗത്തിൻ മെഴുതിരിയായ് തെളിയാൻ
സ്നേഹത്തിൻ നറുമലരായ് വിരിയാൻ (2)
വീണ്ടെടുക്കുവാൻ നമ്മെ സ്വന്തമാക്കുവാൻ (2)
വീണ്ടും ബലിവസ്തുവാകുന്നു ദൈവം
ഏകിടാം നമ്മെ ഒന്നായ് (ഇതാ.......)

## കാഴ്ചവയ്പ് ഗാനം

തൃക്കൈകളിൽ പൂജ്യപാദങ്ങളിൽ
കാണിക്കയായ് സ്വയം നൽകുന്നു ഞാൻ
ആത്മാർപ്പണം ഈ ഹൃദയാർപ്പണം
കൈക്കൊള്ളുവാൻ കനിവാകേണമേ
(തൃക്കൈകളിൽ......)

സഹജാതരിൽ എന്നും കാണുന്നിതാ
മുറിവേറ്റ നിൻ പ്രിയ മുഖശോഭ ഞാൻ (2)
ആശ്വാസവും സ്നേഹ പിയൂഷവും
പകർന്നേകുവാൻ ബലമേകണമേ (2)
(തൃക്കൈകളിൽ......)

നിൻ ജീവനിൽ ദിവ്യവിരുന്നാകുവാൻ
പൊടിയുന്നു ഞാനും ബലിവേദിയിൽ (2)
തിരുമുമ്പിലെ മെഴുതിരിയായ് ഞാൻ
ഉരുകുന്നു നാളം തെളിഞ്ഞീടുവാൻ (2)

## ദിവ്യകാരുണ്യ ഗാനം

വാനിൽ വാരൊളിയിൽ വെൺമേഘ ചിറകിൽ
ഈശോ... മിശിഹാ... ആഗതനാകുന്നു ഭൂവിൽ (2)
(വാനിൽ ....)

ഭൂസ്വർഗ്ഗങ്ങൾക്കുടയവനാം
പരമപിതാവിൻ തിരുസുതനായ് (2)
ജയഗീതം പാടാം വരവേൽക്കാം
മധുമോഹന ഗീതികൾ പാടീടാം (2)
ഈശോ... മിശിഹാ... ആഗതനാകുന്നു ഭൂവിൽ (2)

ഇന്നീ അൾത്താരയിൽ സ്നേഹ കൂദാശയിൽ
വാഴും ... നാഥാ ...ആരാധനാ സ്തോത്രമേകാം (2)

സൗവർണ്ണ പ്രഭയൊഴുകുന്നു
സ്വർഗ്ഗീയ സംഗീതമുയരുന്നു (2)
ഭൂലോകം മുഴുവൻ കരുണയെഴും
തിരുസ്നേഹം നൽകി തഴുകാനായ് (2)
ഈശോ... മിശിഹാ... ആഗതനാകുന്നു ഭൂവിൽ (2)

| Aug. | വിശുദ്ധർ | വായനകൾ |
|---|---|---|
| 07 Mon | St. Cajetan | Nm 11: 4b-15/ Ps 81: 12-13. 14-15. 16-17/ Mt 14: 13-21 |
| 08 Tue | St. Dominic | Nm 12: 1-13/ Ps 51: 3-4. 5-6a. 6bc-7. 12-13/ Mt 14: 22-36 or Mt 15: 1-2. 10-14 |
| 09 Wed | St. Teresa Benedicta of the Cross | Nm 13: 1-2. 25 14: 1. 26-30. 34-35/ Ps 106: 6-7a. 13-14. 21-22. 23/ Mt 15:21-28 |
| 10 Thu | St. Lawrence, Deacon & Martyr | 2 Cor 9: 6-10/ Ps 112: 1-2. 5-6. 7-8. 9/ Jn 12: 24-26 |
| 11 Fri | St. Clare of Assisi | Dt 4: 32-40/ Ps 77: 12-13. 14-15. 16 and 21/ Mt 16: 24-28 |
| 12 Sat | St. Jane Frances de Chantal | Dt 6: 4-13/ Ps 18: 2-3a. 3bc-4. 47 and 51ab/ Mt 17: 14-20 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.